# പതിനാലാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T1487 03.05.2017 -ലെ മറുപടി**

## നദീസംയോജന പദ്ധതി സംബന്ധിച്ച കേരളത്തിന്റെ നിലപാട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>ശ്രീ. സി.കെ.നാണു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ)നദീ സംയോജന പദ്ധതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുവാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ നിലപാട് വ്യക്തമാക്കുമോ; | (എ) | നദീ സംയോജന പദ്ധതി പ്രകാരം കേരളത്തെ ബാധിക്കുന്ന ലിങ്ക് പമ്പ, അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട്ടിലെ വൈപ്പാറിലേയ്ക്ക് കൊണ്ടു പോകുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നദീ സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന് തികച്ചും പ്രതികൂലമായ നിലപാടാണ് ഉള്ളത്. യാതൊരു കാരണവശാലും പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി അനുവദിക്കുകയില്ല എന്നതു തന്നെയാണ് കേരളം തുടക്കം മുതൽക്കേ സ്വീകരിച്ചിരിക്കുന്ന നിലപാട്. |
| ബി)നദീ സംയോജനം കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് പഠിക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുകയോ ചർച്ചകൾ നടത്തുകയോ വിദഗ്ദ്ധ അഭിപ്രായം സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി സംസ്ഥാനത്തെ പമ്പ, അച്ചൻകോവിൽ നദികളെയും അവ വന്നു പതിക്കുന്ന വേമ്പനാട് കായലിനെയും ഏതു വിധത്തിൽ ബാധിക്കുമെന്നതിനെപ്പറ്റി CWRDM കോഴിക്കോട്, IIT ഡൽഹി എന്നീ വിദഗ്ദ്ധ ഏജൻസികളെ കൊണ്ട് പഠനങ്ങൾ നടത്തി കേരളം വ്യക്തത വരുത്തിയിട്ടുണ്ട്. |
| സി)അച്ചൻകോവിൽ, പമ്പ, നദികളിലെ ജലം പൂർണ്ണമായും പങ്കു വയ്ക്കുന്നത് തടയുന്നതിനും സംസ്ഥാനത്തിന്റെ ജലസമൃദ്ധി ഉറപ്പു വരുത്തുന്നതിനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) | കേന്ദ്ര സർക്കാരിന്റെ നദീ സംയോജന പദ്ധതിയിൽ സംസ്ഥാനസർക്കാരിന്റെ അനുമതി ഇല്ലാതെയാണ് പമ്പ, അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ നദീ സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയത്. പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതിയെ പൂർണ്ണമായി എതിർക്കുന്ന കേരളസർക്കാരിന്റെ നിലപാട്, ഈ പദ്ധതിയുടെ സാദ്ധ്യത പഠന റിപ്പോർട്ട് തയ്യാറാക്കിയ NWDA |

യുടെ Technical Advisory Committee, Governing Body, Annual General Meeting, Special Committee for interlinking of Rivers എന്നീ മീറ്റിംഗുകളിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. NWDA യുടെ വിവിധ യോഗങ്ങളിലൂടെ കേരളത്തിന്റെ സമ്മതമില്ലാതെ പമ്പ, അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി സംബന്ധിച്ച തുടർ നടപടികൾ ഒന്നും ആരംഭിക്കുകയില്ല എന്ന് കേരളത്തിന് ഉറപ്പ് ലഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ നദികളായ പമ്പയേയും അച്ചൻകോവിലാറിനേയും ബന്ധപ്പെടുത്തികൊണ്ടുള്ള 'Twin Kallar Multi Purpose Project' നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങളും സംസ്ഥാനസർക്കാർ നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ